# SREE KERALA VARMA COLLEGE

THRISSUR - 680011

**POST GRADUATE DEPARTMENT OF MALAYALAM & RESEARCH CENTRE**

Accredited with Grade 'A' by NAAC

e mail - skvcollege@yahoo.com Fax: 0487 2382438

12-11-2015

## ശ്രീ കേരളവർമ്മ കോളേജിൽ യു.ജി.സി ത്രിദിന ദേശീയ സെമിനാർ

തൃശ്ശൂർ, ശ്രീ കേരളവർമ്മ കോളേജ്, മലയാളഗവേഷണ വിഭാഗം, 2016 ജനുവരി 13, 14, 15 തിയ്യതികളിൽ "സാഹിതീയതയുടെ ചരിത്രമാനങ്ങൾ (Historicity of Literariness)" എന്ന വിഷയത്തിൽ യു.ജി.സി. ത്രിദിന ദേശീയ സെമിനാർ സംഘടിപ്പിക്കുന്നു. കോളേജ് അധ്യാപകരിൽ നിന്നും ഗവേഷകരിൽ നിന്നും പ്രബന്ധങ്ങൾ ക്ഷണിക്കുന്നു.

സാഹിത്യരചന സാഹിത്യകാരന്റെ കേവലമായ സൃഷ്ടിയല്ല എന്നും സാഹിത്യകാരനും സാഹിത്യവും, നിലനിൽക്കുന്ന വിശാലമായ സാമൂഹികഭൂമികയുടെ ഫലമാണ് എന്നും ഇന്ന് പൊതുവേ തിരിച്ചറിയപ്പെടുന്നുണ്ട്. സാഹിത്യകാരനു മുമ്പുണ്ടായിരുന്ന അപ്രമാദിത്വം ഇന്ന് കല്പിക്കാറില്ല. മറിച്ച് കൃതി ഒരു സാമൂഹിക ഉൽപന്നം എന്ന നിലയിൽ പരിഗണിക്കപ്പെടുന്നു. ഈ രീതിയിൽ സാഹിത്യവിമർശനം വലിയരീതിയിൽ മുന്നോട്ടുപോയിട്ടുണ്ട്. സാഹിത്യവിമർശനം സംസ്കാരപഠനമായി മാറുന്ന സന്ദർഭമിതാണ്.

ഈ ദിശയിൽ ചിന്തിച്ചാൽ ഭാവുകത്വം എന്നതും ചരിത്രപരമായ നിർമ്മിതിയാണ്. സാഹിത്യത്തെക്കുറിച്ചുള്ള ഒരു സമൂഹത്തിന്റെ ധാരണകൾ ആ സമൂഹത്തിൽ പ്രവർത്തനക്ഷമമാകുന്ന ജ്ഞാനരൂപങ്ങളുടേയും സങ്കല്പങ്ങളുടേയും സൃഷ്ടിയാണ് എന്നുപറയാം. പഴയകാലത്ത് സാഹിത്യമായി പരിഗണിക്കപ്പെടാതിരുന്ന പല വ്യവഹാരങ്ങളും ഇന്ന് സാഹിത്യമായി പരിഗണിക്കപ്പെടുന്നത് ഇതിനാലാണ്. നേരെതിരിച്ചും. സാഹിത്യം എന്താണ് എന്നതിനെ സംബന്ധിച്ച സമൂഹത്തിന്റെ ധാരണകളെയാണ് ഇവിടെ സാഹിതീയത എന്ന് വ്യവഹരിക്കപ്പെടുന്നത്. സാഹിതീയതയെ ചരിത്രപരമായി മാത്രമേ തിരിച്ചറിയാനാകൂ എന്ന കാഴ്ചപ്പാടിൽ നിന്നുകൊണ്ട് അതിനെ ചരിത്രവൽക്കരിക്കാനുള്ള ഉദ്യമമാണിത്.

സ്വാഭാവികമായും ചരിത്രത്തെസംബന്ധിച്ച പുനരാലോചനകളിലേക്ക് ഈ അന്വേഷണം നമ്മെ എത്തിക്കും. ആധുനികതയുടെ സന്ദർഭത്തിലാണ് ചരിത്രം ഒരു വിജ്ഞാനവിഷയമായി നമ്മുടെ മുന്നിലെത്തുന്നത്. കേരളീയത, മലയാളിത്തം, മലയാളസാഹിത്യം എന്നീ പരികല്പനകളെല്ലാം ഈ ചരിത്രസന്ദർഭത്താൽ നിർണ്ണയിക്കപ്പെടുന്നുണ്ട്. മലയാളത്തെക്കുറിച്ചു ഇന്ന് നാം പുലർത്തുന്ന സകലധാരണകളും രൂപം കൊള്ളുന്നത് ഈ ഘട്ടത്തിലാണ്. മാതൃഭാഷ എന്ന സങ്കല്പവും നവോത്ഥാനകാല ആശയം തന്നെയാണ്. ഇന്ന് മാതൃഭാഷ എന്ന നിലയിൽ മലയാളം നേരിടുന്ന പ്രതിസന്ധികൾ - ഒരു പഠനമാധ്യമം എന്ന നിലയിൽ സ്വീകാര്യതയില്ലായ്മ, വിജ്ഞാ

നഭാഷ എന്ന നില ഇല്ലാത്തത് എന്നിങ്ങനെ - ആധുനികഘട്ടത്തിൽ ഭാഷ ഏറ്റെടുക്കപ്പെട്ട രീതി കൊണ്ട് സംഭവിച്ചതാണ്. ഭാഷാചരിത്രവും സാഹിത്യചരിത്രവും ചരിത്രവും ഈ പ്രക്രിയയിൽ ഇടപെട്ടതെങ്ങനെ എന്ന അന്വേഷണവും ഇവിടെ പ്രസക്തമാണ്. വ്യത്യസ്ത സാഹിത്യചരിത്ര, ചരിത്ര രചനകളെ/ധാരണകളെ വിശകലനം ചെയ്യുന്നതിലൂടെ മലയാളസാഹിത്യത്തെയും കേരളസമൂഹത്തെയും കുറിച്ച് ആധുനികത വെച്ചുപുലർത്തിയ ആഗ്രഹലോകങ്ങളെക്കുറിച്ചും വ്യക്തമാകും. ഇത് കേരളസമൂഹപഠനത്തിന്റെ സാധ്യതയെയാണ് തുറന്നിടുന്നത്.

മറ്റൊരർത്ഥത്തിൽ, ചരിത്രരചനയെയും സാഹിത്യചരിത്രരചനയെയും ഭാഷാചരിത്രരചനയെയും കുറിച്ചുള്ള വീണ്ടുവിചാരംകൂടിയാകും ഈ അന്വേഷണം. ചരിത്രവിജ്ഞാനീയം (Historiography), സാഹിത്യചരിത്രവിജ്ഞാനീയം (Literary Historiography) എന്നിവയെക്കുറിച്ചുള്ള സൈദ്ധാന്തിക അന്വേഷണം എന്ന നിലയിൽ തുടങ്ങി സമൂഹപഠനത്തിന്റെ സാധ്യതകളിലേക്കാണ് ഈ ചർച്ചകളെ മുന്നോട്ടുകൊണ്ടുപോകാൻ ഉദ്ദേശിക്കുന്നത്.

**ചർച്ചചെയ്യപ്പെടാൻ ഉദ്ദേശിക്കുന്ന താക്കോൽ വാക്കുകൾ**

സാഹിതീയത, ഭാവുകത്വം, സാഹിത്യചരിത്രവിജ്ഞാനീയം, ചരിത്രവിജ്ഞാനീയം, നവചരിത്രവാദം, ആധുനികത (Modernity), വ്യവഹാരപഠനം, ചിന്താമാതൃകയിലെ വിച്ഛേദം(Paradigm Shift), ഭാഷാപഠനം, മാതൃഭാഷ, സമൂഹപഠനം, കേരളപഠനം.

*ഭാഷയും സ്വത്വവും, സാഹിതീയത - ചരിത്രവും വിമർശനവും, ചരിത്രവിജ്ഞാനീയം/സാഹിത്യചരിത്രവിജ്ഞാനീയം* എന്നീ വിഭാഗങ്ങളായാണ് സെമിനാർ സങ്കല്പനം ചെയ്തിരിക്കുന്നത്.

ഡിസംബർ 16 നുമുമ്പായി പ്രബന്ധത്തിന്റെ പൂർണ്ണരൂപം ലഭിച്ചിരിക്കണം. റഫറൻസ്, ഗ്രന്ഥസൂചി മുതലായ ഗവേഷണരീതികൾ പാലിച്ചിരിക്കണം. പേജ് മേക്കറിൽ ML Revathy ഫോണ്ടിൽ (13 സൈസ്) ഏഴു പുറത്തിൽ കുറയാത്ത പ്രബന്ധത്തിന്റെ സോഫ്റ്റ് കോപ്പി ഇ-മെയിലായി അയക്കണം. e mail : adarshc1@gmail.com

ഫോൺ: 9446291984, 9495245963, 9605733752

ഡോ. ആദർശ് സി.
കോ-ഓഡിനേറ്റർ
9446291984

ഡോ. കെ. കൃഷ്ണകുമാരി
വകുപ്പുമേധാവി
9495245963

DR. K. KRISHNAKUMARY
HOD, PG DEPT. OF
MALAYALAM & RESEARCH CENT
SREE KERALA VARMA COLLEGE
THRISSUR-11